# *കുരിശിങ്കലെ ഓന്ത്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

**കറുത്ത മാർബിൾ കുരിശിൽ**
**എന്നും ഒരോന്തുവരും;**
**കുരിശിൻ ഇടനെഞ്ചിൽ കമിഴ്ന്ന്**
**കറുപ്പിൻ ചുവപ്പുരാശിയിൽ മുങ്ങും;**
**അമർന്ന കരതലവും ഉള്ളങ്കാലും**
**മാർബിൾവിയർപ്പ് പാനം ചെയ്യും;**
**ലിംഗനിർണ്ണയം അസാദ്ധ്യമാക്കി**
**കുറ്റിക്കാടിൽ നുഴഞ്ഞുമറയും;**
**ഘടികാര സമയനിഷ്ഠമുനയിൽ**
**നൈരന്തര്യം ദിനമുറയനുഷ്ഠിക്കും;**
**ദുർബ്ബലനിമിഷത്തിലത് കല്ലറയിൽ**
**ജനിമൃതി-പുനർജന്മ പരിണതി**
**ജല്പന സ്വരചക്രം കറക്കും;**
**മഴയും മഞ്ഞും, കൊന്നയും മല്ലിയും,**
**ഉരുകലും ഉറയലും—ഓളംകളിയിൽ**
**സംഗമ-സംക്രാന്തി നാളമണിയും;**
**എരിപ്പും മടുപ്പും നോക്കുംമുഖം മൂടി**
**മരക്കുരിശിൽ വരിഞ്ഞുകെട്ടും**
**കുരിശുമരണം കുഞ്ഞുകളിയാക്കും**
**മുതിർന്നാരവം കർണ്ണപുടലാളനം!**
*********************************************